**A** **802**

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2023-24

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 8

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം
- ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (1 സ്കോർ വീതം)**

**(4 x 1 = 4)**

1. "നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ
ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും"
അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

- ഗുരുവും കടാക്ഷവും
- ഗുരുവിന്റെ കടാക്ഷം
- ഗുരുവാകുന്ന കടാക്ഷം
- ഗുരുവായ കടാക്ഷം

2. "പേരക്കുട്ടികൾക്കു വിളമ്പിക്കൊടുക്കുന്ന കഞ്ഞിയിൽ കണ്ണീരുപ്പ് എത്ര വീണലിഞ്ഞിട്ടുണ്ടെന്നും അമ്മമ്മയ്ക്കറിയില്ല."
'കണ്ണീരുപ്പ്' എന്ന പദം സന്ദർഭത്തിന് നൽകുന്ന അർഥസൂചനയെന്ത്?

- അമ്മമ്മയുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും
- അമ്മമ്മയുടെ ദുഃഖവും ദുരിതവും
- അമ്മമ്മയുടെ ലാളനയും വാത്സല്യവും
- അമ്മമ്മയുടെ സ്നേഹവും കരുതലും

3. കൂട്ടത്തിൽ പെടാത്തത് ഏത്?

- മഴയില്ല - മഴ, ഇല്ല
- വണ്ടിയില്ല - വണ്ടി, ഇല്ല
- തേവിത്തേവി - തേവി, തേവി
- പൊതിയഴിച്ച് - പൊതി, അഴിച്ച്

4 "എനിക്ക് മഴയേക്കാൾ ഇഷ്ടം കാർമുകിലാണ്"

'മുകിൽ' എന്ന പദത്തിന് സമാനമായ പദമേത്?

- മേഘം
- കാറ്റ്
- ആകാശം
- മഴ

5. മാതൃകപോലെ എഴുതുക.

മാതൃക : ലോകത്തെ സംബന്ധിക്കുന്നത് - ലൗകികം

വ്യവസായത്തെ സംബന്ധിക്കുന്നത് - ................

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.
(2 സ്കോർ വീതം) (2 x 2=4)

6 "അതിൽ പന്ത്രണ്ടിടങ്ങഴിയുടെ ചോറും വഴിയാത്രക്കാരാണു തട്ടുന്നത്."

"മെസി പന്തു തട്ടുന്നത് കാണാൻ നല്ല രസമാണ്."

അടിവരയിട്ട പദങ്ങൾ സന്ദർഭത്തിനു നൽകുന്ന അർഥവ്യത്യാസങ്ങൾ എഴുതുക.

7. "സാന്ദീപനിഗൃഹേ പണ്ടു സാഹസാൽ കഴിഞ്ഞതും നാം
സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും"

നൽകിയ ഈരടിയുടെ സമാനതാളത്തിലുള്ള വരികൾ കണ്ടെത്തി എഴുതുക.

- "അങ്കണത്തൈമാവിൽനിന്നാദ്യത്തെപ്പഴം വീഴ്കെ-
  യമ്മതൻ നേത്രത്തിൽ നിന്നുതിർന്നൂ ചുടുകണ്ണീർ"
- "ഓരോരോ ജലാശയേ കേവലം മഹാകാശം
  നേരേ നീ കാണ്മീലയോ കണ്ടാലുമതുപോലെ"
- "ചിന്നിയ പൂങ്കുലകളാം പട്ടുതൊങ്ങൽ ചൂഴുമൊരു
  പൊന്നശോകം വിടർത്തിയ കുടതൻ കീഴിൽ"
- "ഉച്ചവെയിലേറ്റു നടക്കവെ നെറ്റിമേ-
  ലിറ്റിറ്റുവീണു മഴത്തുള്ളി"

8. "പത്തായം കാലിയായി. പേടിസ്വപ്നം പോലെ തൂങ്ങിനിൽക്കുന്ന കാലവർഷവും. കരിയിടപേർന്ന കണ്ടങ്ങളിൽ വിരിപ്പുവിള കാറ്റാടി നിൽക്കുകയാണ്."

(പൂക്കളും ആണ്ടറുതികളും)

വാക്യങ്ങളിൽ തെളിയുന്ന കർക്കടകമാസത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) (5 x 4=20)

9. "ഒടുവിൽ കൽപ്പാലക്കടവിൽ പിറ്റേദിവസം ഉച്ചയ്ക്ക് എത്തുമ്പോഴേക്കു നമ്പ്യാതിക്കു ഖുർആനെപ്പറ്റി അൽപ്പമറിയാം; ജ്യോത്സ്യനു പറവൂരെ ഗൃഹസ്ഥന്മാരെപ്പറ്റി നല്ലതുപോലെ അറിയാം; ഗൃഹസ്ഥനു പെരിങ്ങനാട്ടെ മരച്ചീനിക്കൃഷിയെപ്പറ്റി വിവരിച്ചറിയാം; രോഗിക്ക് അമ്പാസമുദ്രത്തിലെ ഒരു നല്ല ചിന്താർമണിവൈദ്യന്റെ പാടവത്തെപ്പറ്റി ധാരാളം അറിയാം" (വഴിയാത്ര).

ഇത്തരത്തിൽ ഹൃദ്യമായ ബന്ധങ്ങൾ സൃഷ്ടിക്കാൻ ഇന്നത്തെ യാത്രകൾക്കു കഴിയുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

10. "കോർത്തു കൈകൾ പിടിച്ചതും പിന്നെപ്പേടിതീരുംവണ്ണം
മാർത്താണ്ഡനുമുദിച്ചതും മറന്നില്ലല്ലീ?" (സാന്ദ്രസൗഹൃദം)

ശ്രീകൃഷ്ണനും കൂട്ടുകാർക്കും പേടി തോന്നിയ സന്ദർഭമേത്? വിവരിക്കുക.

11. "വർണത്തിളപ്പിന്റെ ലോകം വളരെ പെട്ടെന്ന് അവരെ മാറ്റിമറിക്കും. വെയിലിലൂടെ നടന്നു നടന്ന് നിറം മങ്ങിയ അമ്മമ്മയുടെ സാരിയിലേക്കു വെറുപ്പോടെ അവർ നോക്കും." (അമ്മമ്മ)

'വർണ്ണത്തിളപ്പിന്റെ ലോകം' എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ കണ്ടെത്തി എഴുതുക.

12. "അന്നത്തെ വർത്തമാന പത്രങ്ങളായിരുന്നു വഴിപോക്കർ." ( വഴിയാത്ര )

വഴിയാത്രക്കാരെ വർത്തമാന പത്രങ്ങളായി വിശേഷിപ്പിച്ചതിന്റെ ഔചിത്യം വ്യക്തമാക്കുക?

13. "താപംപൂണ്ടു താനേ പുറപ്പെട്ടനേരം കുളുർന്നു നാം
പേടിച്ചു വിറകും കൊണ്ടരികിൽ ചെന്നതും" (സാന്ദ്രസൗഹൃദം )

ഗുരുവിന്റെയും ശിഷ്യരുടെയും അവസ്ഥ ഈ വരികളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? കുറിപ്പ് തയ്യാറാക്കുക.

14. "എനിക്കതു പ്രചോദനത്തിന്റെ നീലക്കാറാണ്."
"മറ്റു ചിലപ്പോൾ അത് എന്റെ കാഴ്ചയിൽ ചെറിയ ചെറിയ കൊടുമുടികളുമായി പ്രത്യക്ഷപ്പെടുന്ന നീലക്കാർ പർവതമായി മാറുന്നു."

(കാർമുകിലിന് ഗദ്യത്തിൽ ഒരു അർച്ചനാഗീതം)

മേഘം ലേഖകന്റെ മനസ്സിൽ ഉണർത്തിയ ചിന്തകളാണ് മുകളിൽ തന്നിരിക്കുന്നത്. ഇതുപോലെ മേഘക്കാഴ്ചകൾ നിങ്ങളിൽ ഉളവാക്കിയ ചിന്തകൾ എന്തെല്ലാമെന്ന് വിവരിക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (6 സ്കോർ വീതം) (2 x 6=12)

15. • തേവിത്തേവി വറ്റിപ്പോയ കിണർ
• കരച്ചിൽ വടുകെട്ടിയ മുഖം
• ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ
• പിഞ്ഞിക്കീറിയ പേഴ്സ്

(അമ്മമ്മ)

നൽകിയ സൂചനകളും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് 'അമ്മമ്മ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16. "അധ്വാനിക്കുക, അനുഭവിക്കുക, ആഹ്ലാദിക്കുക എന്നതാണ് കേരളീയ ജീവിതാദർശം. അതിനനുകൂലമായ സാഹചര്യം ഇവിടത്തെ പ്രകൃതിയും പൂക്കളും ആണ്ടറുതികളും ഒരുക്കിത്തരുന്നു. - ഇന്ന് എല്ലാം നഷ്ടപ്പെട്ട സൗഭാഗ്യത്തിന്റെ സ്വപ്നങ്ങളാണെങ്കിൽക്കൂടി".

(പൂക്കളും ആണ്ടറുതികളും)

വി.ടി ഭട്ടതിരിപ്പാടിന്റെ ഈ നിരീക്ഷണവും കേരളത്തിലെ ഇന്നത്തെ സാമൂഹ്യ സാഹചര്യങ്ങളും പരിഗണിച്ച് 'അധ്വാനവും ആഘോഷവും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

17. കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ, പ്രയോഗഭംഗി എന്നിവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

**മഴമുകിൽ പെൺകൊടി**

ഒരുകുടം തണ്ണീരുമൊക്കത്തു വെച്ചൊരാ-
ക്കരിമുകിൽപ്പെൺകൊടിയെങ്ങുപോയി?
വയലിന്റെ തൊണ്ടവരണ്ടുകിടക്കുമ്പോ-
ളുയിരറ്റു തോപ്പുകൾ നിന്നിടുമ്പോൾ
തളിരുകളൊക്കെക്കൊഴിഞ്ഞൊരു മാന്തോപ്പിൽ
കുയിലുകൾ പാടിക്കുഴഞ്ഞിടുമ്പോൾ
അണയാത്തതെന്തവൾ, വാനിന്റെ താഴ്വാര-
ത്തണലിൽ പതിവുപോൽ വെള്ളവുമായ്?
പുലരി,കിഴക്കങ്ങുവെള്ളവിരിച്ചപ്പോൾ
പുറമെയ്ക്കു പോയതാണിന്നവളും
അവിടെപ്പടിഞ്ഞാറേപ്പൊയ്കയിൽ പോയ്വരാ-
നിനിയെത്ര നേരമവൾക്കു വേണം?

(പി. ഭാസ്കരൻ)

തണ്ണീർ - ജലം
ഉയിരറ്റു - ജീവനില്ലാതെയായി